# ആധുനിക സാഹിത്യം എന്തിന്?

### പുരോഗമന സാഹിത്യം മുതൽക്കുള്ള പല 'വേഷ'ങ്ങളെയും കുറിച്ചൊരു വിശകലനം

**—ഡോ: കെ. ഭാസ്കരൻ നായർ**

''കാള വാലു പൊക്കിയാൽ എന്തിനാണെന്ന് ഉടനെ അറിയാം. പക്ഷെ പശു വാലു പൊക്കിയാൽ എന്തിനാണെന്ന് ഊഹിക്കാനൊക്കുമോ?'' എന്ന് ഒരു നാട്ടിൻപുറത്തുകാരൻ ഒരിക്കൽ ചോദിച്ചതോർക്കുന്നു. ഈ പ്രയാസം സാഹിത്യ വിഷയത്തിലും നമുക്ക് ഉണ്ടായിട്ടുണ്ട്. വളരെ നാൾ മുമ്പ് നമ്മുടെ ഭാഷയിൽ, ആദ്യം പുരോഗമന സാഹിത്യമെന്നും പിന്നീട് ജീവൽ സാഹിത്യമെന്നും പേരിട്ട ഒരു പ്രസ്ഥാനമുണ്ടായല്ലോ. അതിന്റെ പേരിൽ വലിയ കോലാഹലങ്ങളും നടന്നു. ഒരു അഖില കേരള സംഘടനയും നാട്ടുനീളെയുള്ള സമ്മേളനങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും എല്ലാമുണ്ടായി. ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളെപ്പററിയും അതിന്റെ പിന്നിലുള്ള പ്രേരണയെപ്പററിയും പ്രചോദനത്തെപ്പററിയും ഒന്നും ആർക്കും ഒരു സംശയവും ഇല്ലായിരുന്നു. പ്രസ്ഥാനക്കാരും അതൊന്നും മറച്ചുവെച്ചില്ല. അവരുടെ ആചാര്യന്മാരും ആദർശ പുരുഷന്മാരും പുരോഗമനപ്പട്ടം ഇല്ലാതെതന്നെ ലോക പ്രസിദ്ധി നേടിയ മഹാന്മാരായ സാഹിത്യകാരന്മാരായിരുന്നു. എങ്കിലും അവരെ പുതിയ വേഷം അണിയിച്ച് നമ്മുടെ ഭാഷയിൽ അവതരിപ്പിച്ചതിന്റെ ആവശ്യം മനസ്സിലാക്കുവാൻ വിഷമമുണ്ടായില്ല. സാമൂഹ്യ മനസ്സാക്ഷിയെന്നും 'സോഷ്യലിസ്റ്റു റിയലിസ'മെന്നും മററുമുള്ള സാങ്കേതിക പദങ്ങൾകൂടി പ്രചാരത്തിൽ വന്നപ്പോൾ എല്ലാം സ്പഷ്ടമായി. ഈ കോലാഹലങ്ങളുടെ ആവശ്യം സാഹിത്യാനുഭൂതിയെ കൈവളർത്തുക എന്നതിൽനിന്ന് അന്യവും ഭിന്നവും ആയിരുന്നു. എങ്കിലും പുരോഗമന സാഹിത്യവും സാഹിത്യമായിരുന്നു എന്ന് സഹൃദയന്മാർ സമ്മതിക്കാതിരുന്നില്ല.

എന്തുകൊണ്ടാണെന്നും എങ്ങിനെയെന്നും നിശ്ചയമില്ല, ഈ പ്രസ്ഥാനം അധികം താമസിയാതെ നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായി. ഒടുവിൽ അതിന്റെ പേരുപോലും കേൾക്കാനില്ലെന്നു വന്നു. അതിനുശേഷം അനേകം വർഷങ്ങൾ കഴിഞ്ഞാണ് പശു വാലു പൊക്കിയത്—ആധുനിക സാഹിത്യം എന്ന അമറലോടുകൂടി! അതോടെ ഭാഷയുടെ പ്രാഥമിക ധർമ്മം പോലും ബലികഴിക്കപ്പെട്ടു. പണം കൊടുത്തുവാങ്ങേണ്ട പത്രങ്ങളിലും മാസികകളിലും ഇത് അച്ചടിച്ചു വിടുവാൻ അവയുടെ ചുമതലക്കാർ സന്നദ്ധരായതാണ് ഏററവും വലിയ അത്ഭുതം. സ്വയം കഴുത്തറക്കുന്നതുപോലെയുള്ള വ്യാപാരവിദ്യയാണ് ഇതെന്ന് പറയേണ്ടതില്ല. വായിക്കുന്നവന് മനസ്സിലാകാത്ത കുത്തിക്കുറിപ്പുകൾ അച്ചിലിട്ട് 'വായനക്കാർക്ക്'' വിററഴിക്കുവാൻ ശ്രമിക്കുന്നതുപോലെയുള്ള മൂഢതയുണ്ടോ? അതിന്റെ രഹസ്യം മനസ്സിലാക്കുവാൻ പ്രയാസമാണ്. മററാരുടെയൊ ലാഭനഷ്ടങ്ങളുടെ കാര്യമാകയാൽ മനസ്സിലാക്കേണ്ട വലിയ ആവശ്യവുമില്ല.

Digitized by Kerala Sahitya Akademi

അതെല്ലാം അക്കൂട്ടർ നോക്കട്ടെ എന്നു കരുതി വിടാം. പക്ഷേ വേറെയും പ്രയാസങ്ങളുണ്ടല്ലൊ.

ഈ പുത്തൻ സാഹിത്യം കവിതയുടെ പേരിലാണ് ആദ്യം രംഗപ്രവേശം ചെയ്തത്. അമേരിക്കയിലും യൂറോപ്പിലും ഇങ്ങനെയൊരു പ്രസ്ഥാനമുണ്ടെന്നും, അത് കവിതയുടെ പുതിയ ''മാനം'' ആവിഷ്കരിക്കാനുള്ള ധീരമായ യത്നമാണെന്നും, സാഹിത്യത്തിന്റെ 'സംവേദന' ശക്തിയെ വികസിപ്പിക്കുന്ന ഈ പരീക്ഷണത്തിൽ ആ രാജ്യങ്ങളിലെ യുവകവികൾ വ്യാപൃതരായിരിക്കുകയാണെന്നും, പലപല 'അർത്ഥതല'ങ്ങളിലാണ് ഓരോ കൃതിയും രചിക്കപ്പെടുന്നതെന്നും, പഴകിത്തുരുമ്പിച്ച പ്രാചീനമായ 'ബിംബാവലി'യെ മുഴുവനും അവർ തിരസ്കരിക്കുകയാണെന്നും മററുമുള്ള യൂക്കാലിപ്ററസ് പ്രസംഗങ്ങളും പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. അതിന്റെകൂടെ 'അസ്തിത്വദർശനം' 'ആദിരൂപപരത' തുടങ്ങിയ സാങ്കേതിക സംജ്ഞകളും ഉപയോഗിച്ചുള്ള തത്ത്വജ്ഞാനവും പ്രചരിക്കപ്പെട്ടു. ഈ ആധുനിക കവിതയെക്കാൾ അതിന്റെ വ്യാഖ്യാനമാണ് കൂടുതൽ ദുസ്സഹമായിരുന്നത്. രാമന്റെ കവിതയെപ്പററി കൃഷ്ണൻ പ്രശംസിക്കും. കൃഷ്ണന്റെ മഹത്വത്തെ അയ്യപ്പൻ വാഴ്ത്തും. അയ്യപ്പനാണ് തന്റെ ആചാര്യനെന്ന് രാമൻ പ്രഖ്യാപിക്കും. അന്യരാജ്യങ്ങളിൽ ഇത്തരം കവിത എഴുതി 'ലോകപ്രശസ്തി നേടിയ പ്രതിഭാശാലികളെയും' അവക്ക് പ്രചോദനം നല്കിയ തത്ത്വജ്ഞാനികളെയും കുറിച്ചുള്ള നെടുനെടുങ്കൻ പ്രബന്ധങ്ങളും ഇവരിൽ ആരെങ്കിലും കൂടക്കൂടെ പ്രസിദ്ധപ്പെടുത്തും. അന്യരാജ്യങ്ങളിലെ എന്നല്ല, അയൽസംസ്ഥാനങ്ങളിലെപോലും, കവിതയും സാഹിത്യവുമൊന്നും മലയാളം വായനക്കാർ സാധാരണ കാണാത്തതുകൊണ്ട് ഈ പ്രചാരണത്തിന് ഒരു പ്രസക്തിയും ഇല്ലായിരുന്നു എന്നു തന്നെല്ല, ഐശ്വര്യപ്രമത്തതയിൽ പ്രകൃതി വിഭവങ്ങളെക്കൊണ്ട് ദീപാളികളിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ ഇതുപോലെ പല ഭ്രാന്തുകളും നടക്കും. അവക്ക് കടലാസ്സിന്റെയോ അച്ചടി സാധനങ്ങളുടെയോ ക്ഷാമമില്ല. സ്വർണ്ണത്തകിടിൽ അച്ചടിച്ചാൽ കവിതയ്ക്ക് മാററു കൂടും എന്നുതോന്നിയാൽ അതുചെയ്യാനും അവിടെ ആളുണ്ടാവും. അതിനെ വാഴ്ത്തുവാനും ആളുണ്ടാകും. പക്ഷേ കടലാസ്സുകിട്ടാത്തതു കൊണ്ട് വീണ്ടും പനയോലയിൽ എഴുതിത്തുടങ്ങണമോ എന്നുപോലും സംശയിക്കുന്ന ഇന്ത്യയിൽ ഈ ഉദാഹരണങ്ങൾ ഉദ്ധരിച്ചതുകൊണ്ടൊന്നും കാര്യമില്ല. ഇവിടെ സാഹിത്യം അതിന്റെ അടിസ്ഥാന ധർമ്മം നിർവ്വഹിക്കുകതന്നെ വേണം.

ആധുനിക കവിത എന്താണെന്ന് മനസ്സിലായില്ലെങ്കിൽ സാരമില്ല. അങ്ങിനെ മനസ്സിലാകാത്ത എത്രയോ കാര്യങ്ങൾ സങ്കീർണ്ണമായ ഈ ലോകത്തിലുണ്ട്. മനസ്സിലാകാത്തതെല്ലാം അന്ധവിശ്വാസമാണെന്ന് തള്ളിക്കളയുന്ന എളുപ്പ വിദ്യയുമുണ്ട്. നിവൃത്തിയില്ലാതെ വരുമ്പോൾ കഴിവുകേടുകൊണ്ടാണ് മനസ്സിലാകാത്തതെന്ന് സമാധാനിക്കുവാനും സാധിക്കും. പക്ഷേ ഈ സാധനം എന്തിനാണെന്ന് മനസ്സിലായില്ലെങ്കിൽ സഹൃദയന് ശാന്തിയില്ല. അയാൾക്കും ഈ ലോകത്തിൽ ജീവിക്കണമല്ലൊ. ചുററും നടക്കുന്ന കാര്യങ്ങൾ എന്തിനുവേണ്ടിയുള്ളവയെന്ന് പിടികിട്ടിയില്ലെങ്കിൽ ആർക്കും രക്ഷയില്ല. സ്വകാര്യ ലാഭത്തിന്ന്, പ്രസിദ്ധിക്ക്, ജ്ഞാനവിജ്ഞാനങ്ങളുടെ പരിപോഷണത്തിന്, താണുകിടക്കുന്നവരെ ഉദ്ധരിക്കുന്നതിന്ന്, രക്തദാഹം ശമിപ്പിക്കുന്നതിന്, വിശപ്പടക്കുന്നതിന്, കാമാസക്തിയെ തൃപ്തിപ്പെടുത്തുന്നതിന്ന് ഇങ്ങനെ പലതിനും വേണ്ടിയാണ് ലോകത്തിൽ ഓരോരോ കാര്യങ്ങൾ നടക്കുന്നത്. അവയെപ്പററി പണ്ഡിതനും പാമരനും എന്തെങ്കിലുമൊരു ധാരണയുണ്ട്. പക്ഷേ മലയാളത്തിലെ ആധുനിക കവിത എന്തിനാണെന്ന് ഒരു തുമ്പും കിട്ടുന്നില്ല.

ആധുനിക കവിത അമേരിക്കയിലും മററും ഉണ്ടായത് കഞ്ചാവുപോലെയുള്ള മയക്കു

Digitized by Kerala Sahitya Akademi

മരുന്നുകൾക്ക് പ്രചാരം കിട്ടിയതോടുകൂടിയാണ്. ഈ പ്രസ്ഥാനത്തിലെ പ്രമാണികളായ ചില അമേരിക്കൻ കവികൾ അതിൻെറ പ്രചാരകന്മാരുമാണ്. അക്കാര്യം പുരപ്പുറത്ത് കയറിനിന്ന് പ്രഖ്യാപിക്കുവാനും അവർക്ക് സങ്കോചമില്ല. അതുകൊണ്ട്, സൗന്ദര്യ ലഹരിഎന്ന സ്തോത്രനാമത്തിന് ആരോ ഒരിക്കൽ അർത്ഥം പറഞ്ഞതുപോലെ, അവിടുത്തെ ആധുനിക പ്രസ്ഥാനം ഈ മരുന്നുകളുടെ ലഹരിയെ പൂർണ്ണമായി അനുഭവിക്കുന്നതിന്ന വേണ്ടിയുള്ളതാണെന്ന് പറയാവുന്നതാണ്. മയക്കുമരുന്നുകളുടെ വ്യാപാരത്തിലുള്ള നിയന്ത്രണം കൂടുതൽ കൂടുതൽ ഫലപ്രദമാകുന്നതുകൊണ്ടാണോ എന്നു നിശ്ചയമില്ല, അമേരിക്കൻ സാഹിത്യത്തിലെ ഈ പദ്യലഹരി ഇപ്പോൾ ശമിച്ചുതുടങ്ങിയിരിക്കയാണെന്നു കേൾക്കുന്നു. പഴയ കവിത തന്നെയാണ് നല്ലത് എന്ന് ആധുനികന്മാർ ഇപ്പോൾ പ്രഖ്യാപിക്കുന്നുണ്ടത്രെ!

കേരളത്തിൽ കഞ്ചാവ് എന്ന മയക്കുമരുന്നെങ്കിലും അത്ര പുത്തരിയൊന്നുമല്ല. അതുകൊണ്ട് ആധുനിക കവിതയുടെ പ്രഭവരഹസ്യം മറ്റെവിടെയോ അന്വേഷിക്കേണ്ടിയിരിക്കുന്നു. അതൊരു രാഷ്ട്രീയ പ്രസ്ഥാനത്തിൻെറ മുഖാവരണമാണെന്ന് ചിലയാളുകൾ പറയുന്നു. ഇത് സത്യമാണെങ്കിൽ ~~[illegible]~~ സാഹിത്യത്തെയും ഭയപ്പെടേണ്ട കാലം വന്നിരിക്കുന്നു എന്നു പറയാതെ തരമില്ല. കൊള്ളക്കാരനും കൊലപാതകിയുമായ കാട്ടാളൻ ആത്മപരിവർത്തനത്തിലൂടെ വാൽമീകി മഹർഷിയായപ്പോഴാണ് ആദികാവ്യമായ രാമായണം ഉണ്ടായത്. അത്ഭുതകരമായ ആ വാങ്മയം ഭാരതത്തിലെ ജനസഞ്ചയത്തിൻെറ ഹൃദയത്തിൽ ധർമ്മത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു. മറിച്ച്, നല്ല മനുഷ്യരായി വളർന്നു വരേണ്ടവരെ കാട്ടാളന്മാരാക്കുന്ന കുടിലതന്ത്രമായിരിക്കുമോ ആർക്കും മനസ്സിലാകാത്ത ഈ ആധുനിക സാഹിത്യത്തിൻെറ പിന്നിലുള്ളത്? ആരറിഞ്ഞു! ❋

Wholesale Distributers for Tacel Sanitary Wares

*For Every Thing In Sanitary Wares*
*&*
*Hard wares*

*Please Visit:*

**M/s. FORNISHING & FLOORINGS**
UNITY BUILDING, SOUTH BAZAR
**Cannanore-670 002.**

Digitized by Kerala Sahitya Akademi